**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3309** **04-08-2021 - ൽ മറുപടിയ്ക്ക്**

**സഞ്ചരിക്കുന്ന റേഷൻ കട**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | വന്യമൃഗശല്യം, ഏറെ ദൂരം യാത്ര ചെയ്യേണ്ടി വരിക, കുന്നിൻ പ്രദേശം, ഒറ്റപ്പെട്ട കോളനികൾ എന്നീ ക്ലേശ ഘടകങ്ങൾ പരിഗണിച്ച് ഒറ്റപ്പെട്ട വനയോര മേഖലകളിലും വനാതിർത്തികളിലും താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അർഹതപ്പെട്ട ഭക്ഷ്യധാന്യങ്ങൾ നേരിട്ട് എത്തിച്ചു നൽകുന്ന "സഞ്ചരിക്കുന്ന റേഷൻകട" എന്ന പദ്ധതി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. പാലക്കാട് ജില്ലയിലെ മലമ്പുഴ അകമലവാരം, എറണാകുളം ജില്ലയിലെ കുട്ടമ്പുഴ പഞ്ചായത്തിലെ എളംബ്ലാശ്ശേരി എന്നീ ആദിവാസി ഊരുകളിൽ ടി പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇപ്രകാരം ആദിവാസി ഊരുകളിൽ റേഷൻ വിതരണം നടത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നടപ്പിലാക്കുന്നതിലേയ്ക്കായി സംസ്ഥാന സർക്കാർ ആരംഭിച്ച "സഞ്ചരിക്കുന്ന റേഷൻകട" പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതി എവിടെയെല്ലാമാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ; | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |
| (സി) | പ്രസ്തുത പദ്ധതി കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ